PRINTING OF COURT FEE LABELS, ETC.,—PARTICULARS OF

236. (110) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും മറുപടി പറയുമോ.—

(എ) അഞ്ചൽ സ്റ്റാമ്പുകൾ, കോർട്ട്ഫീ സ്റ്റാമ്പുകൾ, മുദ്രപത്രങ്ങൾ ഇവ പ്രിണ്ടു് ചെയ്യുന്നതു് എവിടെയാണു്;

(ബി) മേൽപറഞ്ഞ ഓരോ ഇനവും പ്രിണ്ടു് ചെയ്യിക്കുന്നതിൻ് ഗവർമ്മെണ്ടിനു നേരിട്ടുള്ള ചിലവു എത്ര;

(സി) സ്റ്റാമ്പു മുതലായവയും ഗവൺമ്മെണ്ടു് ആവശ്യമുള്ള മറ്റു അച്ചടിവേലകളും ഗവൺമ്മെണ്ടു പ്രസ്സിൽ ചെയ്യുന്നതു ഗവൺമ്മെണ്ടിനു് ആദായകരമല്ലെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) മദിരാശിയിൽ ഉള്ള അസോസിയേറ്റഡ് പ്രിൻറിങ്ങ് കമ്പനിയിൽ.

(ബി) അഞ്ചൽ സ്റ്റാമ്പുകൾക്കു് റ, ഫ, വ്യ വ്യ ഫക. യും, കോർട്ടഫീ ജനറൽ സ്റ്റാമ്പ്, എൻറർടെയിൻമെൻറ് ടാക്സ് സ്റ്റാമ്പ്, മുദ്രപത്രങ്ങൾ മുതലായവയ്ക്കു് റ വ്യ, ഫ ന ഒ ക. യും സുമാർ ഒരു കൊല്ലത്തിൽ പ്രിൻറിങ്ങ് ചാർജ്ജു് ഇനത്തിൽ ചിലവു നേരിട്ടുണ്ടു്.

(സി) ഗവൺമ്മെണ്ടാവശ്യാർത്ഥമായുള്ള മറ്റു അച്ചടി വേലകൾ ഗവൺമ്മെണ്ടു പ്രസ്സിൽ തന്നെ ആദായകരമായി ചെയ്യുവരുന്നുണ്ടു്. സ്റ്റാമ്പു് മുതലായവയുംകൂടി ഗവൺമ്മെണ്ടു പ്രസ്സിൽ അച്ചടിക്കുന്നതിനെപ്പറ്റി ഗവൺമ്മെണ്ടു് ആലോചിക്കുകയും സ്റ്റാമ്പുകൾ അച്ചടിക്കുന്നതിനുമാത്രമായി ഒരു പ്രത്യേക കെട്ടിടവും മെഷിനറിയും വേണ്ടിവരുന്നതിനു് ഫ,ന ൪, ൦ ൦ ൦ക. യോളം ചിലവു കാണുകയും അങ്ങിനെ ആയാൽ ഒരു കൊല്ലത്തിൽ ന, ൦ ൦ ൦-ം, ര, ൦ ൦ ൦-ം മധ്യേ വരുന്ന ഒരു സംഖ്യ ആദായം ഉണ്ടാകുന്നതാണു എന്നു കാണുകയും ചെയ്തു.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ഇതിനു കെട്ടിടം പണിയുവാനും എഞ്ചിൻ വരുത്തുവാനും ഗവൺമ്മെണ്ടു് തീരുമാനിച്ചിട്ടുണ്ടൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: തീരുമാനിച്ചിട്ടില്ല. അതിപ്പറ്റി ആലോചിച്ചു വരുകയാണു്.

VISIT OF PRINTING EXPERTS IN THE STATE—INFORMATION REGARDING

237. (110A) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) പ്രിൻറിങ്ങു് വിദഗ്ധന്മാർ ആരൊക്കെ എത്ര തവണ സ്റ്റോറിൽ വന്നു അന്വേഷണം നടത്തുകയും റിപ്പോർട്ടു് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്;

(ബി) ആ ഓരോ തവണയും എന്തു ചിലവു വന്നിട്ടുണ്ടു്;

(സി) ആ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ചോദ്യത്തിൽ കാലത്തേയും സ്ഥലത്തേയും സ്ഥാപനത്തേയും വിശദമായി കാണിക്കാത്തതുകൊണ്ടു് ഉത്തരം പറയുവാൻ സാദ്ധ്യമല്ല.

(ബി) & (സി)–(എ) എന്ന ചോദ്യത്തിൻറെ ഉത്തരം പ്രമാണിച്ചു് ഈ ചോദ്യങ്ങൾക്കു് ഉത്തരം ആവശ്യമില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: പ്രിണ്ടിങ്ങു വിദഗ്ധന്മാർ ഗവൺമ്മെണ്ടു പ്രസ്സിൽ വന്നു അന്വേഷണം നടത്തുകയുണ്ടായിട്ടില്ലെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഗവൺമ്മെണ്ടു പ്രസ്സിൽ പലപ്പോഴും വിദഗ്ധന്മാരെ വരുത്തി പ്രസ്സിൻറെ കാര്യത്തെക്കുറിച്ചു അന്വേഷണം നടത്തിയിട്ടുണ്ടു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: അതിനു എന്തു ചിലവു വന്നിട്ടുണ്ടു് എന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly